**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 355** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഗാർഹിക മാലിന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പുന:ഷംക്രമണം ചെയ്യാൻ കഴിയുന്ന ഗാർഹിക മാലിന്യം തരംതിരിച്ച് വീട്ടുകളിൽ നിന്നും ശേഖരിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ? | (എ) | പുന:ചംക്രമണം ചെയ്യാൻ കഴിയുന്ന ഗാർഹിക മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേനകൾ കലണ്ടർ അടിസ്ഥാനത്തിൽ ശേഖരിച്ചുവരുന്നു. ഇങ്ങനെ ശേഖരിക്കുന്ന പാഴ് വസ്തുക്കൾ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ / തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്കോ എത്തിച്ച് അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ, പാഴ് വസ്തു വ്യാപാരികൾ മുഖേനയോ പുന:ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറി വരുന്നു. |

സെക്ഷൻ ഓഫീസർ